Internal Media Cell
35th National Games, Kerala
National Games Organising Committee
Chandrasekharan Nair Stadium
Palayam, Thiruvananthapuram
PIN - 695 034, India

Ph: 0471 - 2302287
Fax: 0471 - 2302267
www.kerala2015.com
35thngskerala@gmail.com

# ചേച്ചിമാരെ കാണാൻ അമ്മുവെത്തി

തിരുവനന്തപുരം 17 സെപ്തംബർ 2014: നീറമൺകര വനിതാ എൻ.എസ്.എസ് കോളേജിന്റെ ആരവങ്ങളിലേക്ക് അമ്മു പറന്നിറങ്ങി. കേരളം ആതിഥ്യമരുളുന്ന മുപ്പത്തിയഞ്ചാമത് നാഷണൽ ഗെയിംസിന്റെ ഭാഗ്യചിഹ്നമായെത്തി ഏവരുടെയും പ്രിയങ്കരിയായി മാറിയ അമ്മുവേഴാമ്പലിനും സംഘത്തിനും നിറമൺകര എൻ.എസ്.എസ് കോളെജിൽ വർണ്ണാഭമായ വരവേൽപ്പ്.

നാഷണൽ ഗെയിംസിന്റെ പ്രാധാന്യവും ആവേശമുയർത്തി 'കളിക്കുന്ന കുട്ടികൾക്കായി ഭാരതം കാത്തിരിക്കുന്നു' എന്ന സന്ദേശവുമായി സംസ്ഥാനമെങ്ങുമുള്ള കോളേജുകളിലും വിദ്യാലയങ്ങളിലും സന്ദർശനം നടത്തുന്ന നാടക സംഘമാണ് ഇന്ന് എൻ.എസ്.എസ് കോളേജിൽ എത്തിച്ചേർന്നത്.

യുവതയുടെ കായിക സ്വപ്നങ്ങൾക്ക് വർണ്ണപ്പൊലിമയേകിയെത്തിയ അമ്മുവിനെയും സംഘത്തെയും വിദ്യാർത്ഥിനികൾ, അദ്ധ്യാപകർ, പി.ടി.എ പ്രതിനിധികൾ എന്നിവരടങ്ങിയ വലിയൊരു സംഘം ഹർഷാരവത്തോടെയാണ് വേദിയിലേക്ക് ആനയിച്ചത്.

വിദ്യാർത്ഥിനികൾ തിങ്ങിനിറഞ്ഞ സദസ്സിൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് ഡി.സി.പി അജിതാബീഗം നാടകം ഉദ്ഘാടനം ചെയ്തു. ഫിസിക്സ് വിഭാഗം പ്രൊഫസർ. ഡോ. എസ്. ഗീത സ്വാഗതം ആശംസിച്ച ചടങ്ങിൽ കോളെജ് വൈസ് പ്രിൻസിപ്പൽ ഡോ. പി.സുഷമ്മ, യൂണിയൻ വൈസ് ചെയർ പേഴ്സൺ ആർ. അശ്വതി എന്നിവർ പങ്കെടുത്തു.



2013 സെപ്തംബർ 30ന് സംസ്ഥാന നഗരവികസന കാര്യവകുപ്പ് മന്ത്രിയും ഗെയിംസ് പബ്ളിസിറ്റി വിഭാഗം ചെയർമാനുമായ ശ്രീ. മഞ്ഞളാംകുഴി അലി തലസ്ഥാനത്ത് ഫ്ളാഗ് ഓഫ് ചെയ്ത നാടകം ഇതിനോടകം വിവിധ ജില്ലകളിലായി മുന്നൂറോളം സ്റ്റേജുകളിൽ അവതരിപ്പിച്ച് അഞ്ചുലക്ഷത്തിൽപ്പരം കാണികളെ ഹർഷോന്മാദരാക്കി എന്നാണ് കണക്ക്.

സ്കൂളുകൾക്ക് പുറമേ കേരളത്തിലെ വിവിധ ഉത്സവവേദികൾ, സാംസ്കാരിക സമ്മേളനങ്ങൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവിടങ്ങളിലും നാടകാവതരണത്തിനുള്ള ക്ഷണം അമ്മുവിന് ലഭിക്കാറുണ്ട്.